കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം കൊടുങ്ങല്ലൂർ നഗരസഭ ജീവനക്കാര്യം സൂപ്രണ്ട് ശ്രീമതി.കെ.കെ.ഷീലാദേവിക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1266/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,17/03/2016.

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 30.06.2015,01.02.2016 എന്നീ തിയതികളിലെ ഇ 6-18932/13 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ നഗരസഭയിൽ സൂപ്രണ്ടായിരുന്ന ശ്രീമതി.കെ.കെ.ഷീലാദേവിക്ക് 28/03/2015 മുതൽ പ്രാബല്യം നൽകി സേവനത്തിൽ നിന്ന് സ്വയം വിരമിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാരി 03/04/2013 മുതൽ 31/12/2013 വരെയും 01/01/2014 മുതൽ 27/03/2015 വരെയും ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരിക്കുന്നു.ടിയാൾക്ക് അവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.കെ.കെ.ഷീലാദേവിക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ വ്യക്തിപരമായ ആവശ്യത്തിനായി 03.04.2013 മുതൽ 27.03.2015 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിനുകുമാർ.വി

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീമതി.കെ.കെ.ഷീലാദേവി,സൂപ്രണ്ട്,

കൊടുങ്ങല്ലൂർ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.